ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ): (എ) ഉണ്ട്.

(ബി) അവശതയനുഭവിക്കുന്ന കലാകാരന്മാർക്ക് സഹായം നൽകുന്നതിനായി ഒരു സമഗ്ര പദ്ധതി ആവിഷ്കരിക്കുന്നതിന് ഇത്തരം കലാകാരന്മാരുടെയും ടെക്നീഷ്യൻമാരുടെയും പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സാംസ്കാരിക വകുപ്പിനുകീഴിലുള്ള സ്ഥാപനമായ വാസ്തുവിദ്യാ ഗുരുകുലത്തിന്റെ ഡയറക്ടറെ ചുമതലപ്പെടുത്തുകയുണ്ടായി. 2004-2005-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 25 ലക്ഷം രൂപ അവശകലാകാര ക്ഷേമനിധിക്കായി വകയിരുത്തുന്നതായി പ്രഖ്യാപിച്ചിട്ടുണ്ട്. ഈ തുക 2004-2005-ലെ ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വാസ്തുവിദ്യാ ഗുരുകുലം ഡയറക്ടർ നൽകുന്ന റിപ്പോർട്ട് കിട്ടിയശേഷം ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

നെൽകൃഷി വികസനം

*23[83] ശ്രീ. ടി. പി. രാമകൃഷ്ണൻ:

,, സാജു പോൾ:

ശ്രീമതി ഗിരിജാ സുരേന്ദ്രൻ:

ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകൃഷിയുടെ വികസനത്തിനു എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) നെൽകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം കുറഞ്ഞുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനു പരിഹാരം കാണാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഏറ്റവും ഒടുവിലത്തെ കണക്കുപ്രകാരം സംസ്ഥാനത്ത് ഇപ്പോൾ എത്ര ഹെക്ടർ സ്ഥലത്താണ് നെൽകൃഷി ചെയ്യുന്നത്;

(ഡി) വരൾച്ചമൂലം നെൽകൃഷിക്കുണ്ടായ ഉത്പാദനതകർച്ചയേയും വിള നഷ്ടത്തേയും കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ ഏറ്റവും കൂടുതൽ നെൽകൃഷിനാശം ഉണ്ടായ പ്രദേശങ്ങൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(എഫ്) വരൾച്ചമൂലമുണ്ടായ സാമ്പത്തിക നഷ്ടം കണക്കിലെടുത്ത് കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകിയിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) സംസ്ഥാനത്ത് നെൽകൃഷി വികസനത്തിനായി സംസ്ഥാനാവിഷ്കൃത നെൽകൃഷി വികസന പദ്ധതിപ്രകാരം 2004-2005-ൽ 1080 ലക്ഷം രൂപയും കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം 800 ലക്ഷം രൂപയ്ക്കുമുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. ശാസ്ത്രീയകൃഷി രീതികൾ അവലംബിച്ചും ഒരു പരിധിവരെ യന്ത്രവല്ക്കരണം നടപ്പിലാക്കിയും ഉല്പാദനച്ചെലവ് കുറയ്ക്കാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങൾ ലഭ്യമാക്കുവാനും പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും നടപടികൾ സ്വീകരിച്ചുവരുന്നു. നെൽകൃഷിക്ക് പൂർണ്ണമായി വൈദ്യുതി സൗജന്യം നൽകുന്നത് കൂടാതെ കൊയ്ത്തുകാലത്ത് സർക്കാർ വിപണിയിൽ ഇടപെട്ട് കർഷകർക്ക് അവർ ഉല്പാദിപ്പിക്കുന്ന നെല്ലിനു ന്യായവില ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുന്നുണ്ട്. ഉല്പാദനോപാദികൾ ലഭ്യമാക്കുവാനും സംസ്ക്കരണ വിപണന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഗ്രൂപ്പ് ഫാമിംഗ് പദ്ധതിപ്രകാരം ആയിരം രൂപ നിരക്കിൽ സബ്സിഡി നൽകുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നെൽപ്പാടങ്ങൾ നികത്തുന്നത് തടയുന്നതിനും നെൽപ്പാടങ്ങൾ തരിശ്ശിടുന്നതും മറ്റു വിളകൾക്കായി ഉപയോഗിക്കുന്നതും തടയുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള ഭൂവിനിയോഗനിയമം കർശനമായി പാലിക്കുന്നതിന് ജില്ലാ കളക്ടർമാർക്കു നിർദ്ദേശം നൽകിയിട്ടുണ്ട്. നെൽകൃഷിയുടെ വിസ്തീർണ്ണം കുറയുന്നത് തടയുന്നതിനും നെൽകൃഷിക്കാരെ കൃഷിയിൽ സ്ഥിരമായി നിലനിർത്തുന്നതിനുമായി വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു.

(സി) ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ കണക്കുപ്രകാരം (2002-03) സംസ്ഥാനത്ത് 3.105 ലക്ഷം ഹെക്ടറിൽ നെൽകൃഷി ചെയ്തുവരുന്നു.

(ഡി ആന്റ് ഇ) പഠനം നടത്തിയിട്ടുണ്ട്. 2003-04 കാലഘട്ടത്തിലെ വരൾച്ചയിൽ പാലക്കാട് ജില്ലയിലാണ് ഏറ്റവും കൂടുതൽ നെൽകൃഷിനാശം സംഭവിച്ചിട്ടുള്ളത്. പാലക്കാട് ജില്ലയിലെ ആലത്തൂർ, ചിറ്റൂർ താലൂക്കുകളിലാണ് കൂടുതൽ കൃഷിനാശം സംഭവിച്ചിട്ടുള്ളത്.

(എഫ്) വരൾച്ചമൂലം നെൽകൃഷിനാശം സംഭവിച്ച കർഷകർക്ക് ഹെക്ടറിനു 3000 രൂപയായി വർദ്ധിപ്പിച്ച നിരക്കിൽ 2003 റാബി സീസൺ മുതൽ ധനസഹായം നൽകിവരുന്നു. ഇതു കൂടാതെ വരൾച്ചമൂലം 25 ശതമാനത്തിൽ കൂടുതൽ വിളനാശം സംഭവിച്ച കർഷകർക്ക് അടുത്ത വിളവിറക്കുന്നതിനു വിത്തും കുമ്മായവും സൗജന്യമായി നൽകുന്നുണ്ട്.

കാർഷിക വിളകൾക്ക് ഇൻഷ്വറൻസ്

*24 [84] പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീ. പി. ടി. തോമസ്:

,, അടൂർ പ്രകാശ്:

ശ്രീമതി രാധാ രാഘവൻ:

LIBRARY ARCHIVES Kerala Legislative Assembly